


# പരിസ്ഥിതിയും നീതിയും

**മുഹമ്മദ് ശമീം**

**സമ്പൂർണവും** സന്തുലിതവുമാണ് പ്രപഞ്ചവും പ്രകൃതിയും എന്നാണ് വേദപാഠം. പ്രാപഞ്ചിക സന്തുലിതത്വത്തെ ഖുർആൻ തുലാസുമായി ബന്ധപ്പെടുത്തുന്നു. തുലാസിന്റെ കാര്യത്തിൽ അതിക്രമമരുതെന്ന് കൽപിക്കുകയും ചെയ്യുന്നു (*അർറഹ്മാൻ*). സന്തുലിതത്വമാണ് തുലാസ്. തുലാസ് നീതിയുമാകുന്നു. നീതിപൂർവകവും സന്തുലിതവുമായ പ്രപഞ്ച, പ്രകൃതി വ്യവസ്ഥകളാണ് നീതിപൂർവകമായ ജീവിതത്തെപ്പറ്റി മനുഷ്യനോടുള്ള കൽപനയുടെ അടിസ്ഥാനം. പ്രകൃതിയുടെയും അതിന്റെ സ്രോതസ്സുകളുടെയും സമൃദ്ധിയെയും അതിൽ മുഴുവൻ മനുഷ്യർക്കും മറ്റു ജൈവസമൂഹങ്ങൾക്കുമുള്ള നീതിയിലധിഷ്ഠിതമായ അവകാശബാധ്യതകളെയും പറ്റി ഖുർആൻ ഒട്ടേറെ സ്ഥലങ്ങളിൽ പരാമർശിക്കുന്നുണ്ട്. സമൃദ്ധിയെയും സന്തുലിതത്വത്തെയും പ്രകൃതിയുടെ സംസ്കൃതാവസ്ഥയായി പഠിപ്പിക്കുന്ന ഖുർആൻ അതിനെ തകർക്കുന്നതിനെതിരെ താക്കീത് നൽകുന്നു: 'ഭൂമി, അതിന്റെ സംസ്കരണം പൂർത്തീകരിക്കപ്പെട്ടതായിരിക്കെ അതിൽ നിങ്ങൾ നാശമുണ്ടാക്കരുത്' (*അൽഅഅ്റാഫ്*).

മൊത്തം മനുഷ്യസമൂഹത്തിന് പ്രകൃതിയുടെ സ്രോതസ്സുകൾ ദൈവപിന്തുണ നൽകുന്നു. അഥവാ അങ്ങനെ നൽകുക എന്നതാണ് പ്രകൃതിയുടെ താൽപര്യം. അതോടൊപ്പം മനുഷ്യൻ അതിന്റെ പരിപാലകനായിത്തീരേണ്ടതുണ്ടെന്നും അതാവശ്യപ്പെടുന്നു. ദൈവികമായ അനുഗ്രഹങ്ങൾ സവിശേഷമായും ധാരാളമായും ലഭിച്ചുകൊണ്ടിരുന്ന, മാതൃകായോഗ്യനായ ഒരു മനുഷ്യനെപ്പറ്റി നബി തിരുമേനി പഠിപ്പിക്കുന്നുണ്ട്. അയാളുടെ പ്രവർത്തന മാതൃക അയാൾ തന്നെ പഠിപ്പിക്കുന്നതിങ്ങനെയാണ്: ഭൂമിയിൽനിന്ന് അയാൾക്ക് കിട്ടുന്ന വിളവുകളെയും ആനുകൂല്യങ്ങളെയും അയാൾ മൂന്നായി ഭാഗിക്കുന്നു. ഒരു ഭാഗം തന്റെയും ആശ്രിതരുടെയും ജീവസന്ധാരണത്തിനായി നീക്കുന്നു. രണ്ടാമത്തെ ഭാഗം മറ്റു മനുഷ്യരോടുള്ള ബാധ്യതാ നിർവഹണത്തിന്. മൂന്നാമത്തെ ഭാഗം ഭൂമിയുടെ ഉൽപാദന ശേഷിയുടെ നിലനിൽപിനും വർധനക്കുമായി അതിലേക്കുതന്നെ മടക്കുന്നു. പ്രകൃതിയിൽനിന്ന് സ്വീകരിക്കുകയും പ്രകൃതിയോടും മറ്റു മനുഷ്യരോടുമുള്ള ബാധ്യതകൾ നിറവേറ്റുകയും ചെയ്യുന്നവൻ നീതിയുടെ താൽപര്യങ്ങളെ പൂർത്തീകരിക്കുന്നു.

പ്രകൃതിയോടും പരിസ്ഥിതിയോടും മനുഷ്യൻ സ്വീകരിക്കേണ്ട നയം ഭൂമിയിൽ മനുഷ്യന്റെ ജന്മദൗത്യവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഈ ദൗത്യത്തെ നാല് തലക്കെട്ടുകളിൽ നമുക്ക് മനസ്സിലാക്കാൻ പറ്റും.

ഒന്നാമത്തേത്, ഏകത്വം (തൗഹീദ്) ആണ്. തൗഹീദ് എന്നാൽ ദൈവത്തിന്റെ, അല്ലാഹുവിന്റെ ഏകത്വം. അത് മനുഷ്യന്റെ സാമൂഹികമായ ഐക്യത്തെയും ആത്മീയമായ ഏകീഭാവത്തെയും കൂടി സൂചിപ്പിക്കുന്നുണ്ട്. ഏകനായ സ്രഷ്ടാവ് ഒരൊറ്റ ആത്മാവിൽനിന്നാണ് മനുഷ്യസമൂഹത്തെ രൂപപ്പെടുത്തിയതെന്ന് ഖുർആൻ (*അന്നിസാഅ്* 1) പഠിപ്പിക്കുന്നു. അതോടൊപ്പം മനുഷ്യന്റെയും പ്രകൃതിയുടെയും ഉറവിടത്തെയും ഒന്നായി ഖുർആൻ പരിചയപ്പെടുത്തുന്നു. ഉണ്ടായിത്തീരണം എന്ന അല്ലാഹുവിന്റെ ഇഛയും ഉണ്ടാവുക എന്ന അവന്റെ കൽപനയുമാണ് അത്. ഇങ്ങനെ രൂപപ്പെടുന്ന പാരസ്പര്യവും ബന്ധവും തൗഹീദ് എന്ന ആശയത്തിന്റെ അനിവാര്യ താൽപര്യങ്ങളാകുന്നു. ഈ ബന്ധത്തിൽനിന്ന് നീതി എന്ന മൂല്യം ഉറവെടുക്കുന്നു. അല്ലാഹുവോടും മനുഷ്യരോടും പ്രകൃതിയോടുമുള്ള ബന്ധങ്ങളെ വിഛേദിക്കുന്നവർ അക്രമികളാണ് ഖുർആന്റെ വീക്ഷണത്തിൽ (*അൽബഖറ* 27).

പ്രാതിനിധ്യദൗത്യ (ഖിലാഫത്ത്) ആണ് രണ്ടാമത്തേത്. മനുഷ്യനെ അല്ലാഹു അവന്റെ ഖലീഫ (പ്രതിനിധി) ആയാണ് പരിചയപ്പെടുത്തുന്നത്. പ്രപഞ്ചത്തിന്റെ മുഴുവൻ താളവും സന്തുലിതത്വവും ക്രമീകരിച്ചിട്ടുള്ള അല്ലാഹു ആ സന്തുലനം നിലനിർത്തുന്നതിനുള്ള ഉത്തരവാദിത്വമാണ് ഭൂമിയിൽ മനുഷ്യന് നൽകിയിരിക്കുന്നത്. മേൽ സൂചിപ്പിച്ച ബന്ധങ്ങളെയും അതുവഴി പ്രകൃതിയുടെ സന്തുലനത്തെയും നിലനിർത്തിയും അതിനുവേണ്ടി ദൈവികമായ കൽപനകളെയും നിയമങ്ങളെയും അനുസരിച്ചും നിറവേറ്റേണ്ടതാണ് ഈ ഉത്തരവാദിത്വം. പ്രകൃതിയുടെ നിയമങ്ങളും അല്ലാഹുവിന്റെ കൽപനകളാണ്. അതിന്മേലാണ് പ്രകൃതി നിലനിൽക്കുന്നത്. നീതിയാണ് ഈ നിയമങ്ങളുടെ അടിസ്ഥാനം. ഭൂമിയിലെ പ്രവർത്തനങ്ങൾ നീതിപൂർവകമാക്കുക എന്നത് അതിനാൽ മനുഷ്യന്റെ ബാധ്യതയത്രെ.

ജീവിതദൗത്യവുമായി ബന്ധപ്പെട്ട മൂന്നാമത്തെ ശീർഷകം സംസ്കരണം

(ഇസ്‌ലാഹ്) ആണ്. തന്റെ പ്രവർത്തനത്തിലൂടെ പ്രകൃതിയുടെ വ്യവസ്ഥ താറുമാറാക്കാതിരിക്കാൻ മനുഷ്യൻ ശ്രദ്ധിക്കണം. സംസ്‌കരണം സിദ്ധിച്ച ഭൂമിയിൽ നാശം വിതക്കരുതെന്ന ഖുർആനിക കൽപന ഒന്നുകൂടി ഓർക്കുക.

നിർമാണം അഥവാ വികസനം (ഇസ്തിഅ്മാർ) എന്നതാണ് നാലാമത്തെ പ്രമേയം. ഭൂമിയുടെ നന്മകൾ/ജീവിതത്തിന്റെ ആധാരങ്ങൾ നിലനിൽത്തുന്നതോടൊപ്പം, ആ നന്മകളെയും ജീവിത സൗകര്യങ്ങളെയും വികസിപ്പിക്കലും പ്രാതിനിധ്യദൗത്യത്തിന്റെ ഭാഗമാണ്. 'അവൻ (അല്ലാഹു) ഭൂമിയിൽനിന്ന് നിങ്ങളെ രൂപപ്പെടുത്തി. ഭൂമിയിൽ നിർമാണച്ചുമതല നിങ്ങളെ ഏൽപിക്കുകയും ചെയ്തു' (*ഹൂദ്*). ദൈവത്താൽ ഏൽപിക്കപ്പെട്ട നിർമാണദൗത്യത്തിൽനിന്നാണ് വികസനത്തെക്കുറിച്ച കാഴ്ചപ്പാടുകൾ രൂപപ്പെടേണ്ടത്.

പ്രകൃതിയുടെ ഭാഗമായി യാന്ത്രികമായി ജീവിക്കേണ്ടവനല്ല മനുഷ്യൻ. തന്റെ അധ്വാനപരിശ്രമങ്ങളിലൂടെ നന്മയുടെ വർധിച്ച വിളവിനായി അവൻ പ്രകൃതിയിൽ മുതലിറക്കണം. പ്രകൃതി സ്രോതസ്സുകളെ ബലപ്പെടുത്തണം. ആ സ്വഭാവത്തിലുള്ള നിർമാണ, വികസന പ്രവർത്തനങ്ങൾ മനുഷ്യസമൂഹത്തിന് ഗുണപ്രദമാക്കുകയും ചെയ്യണം.

## ശ്രേഷ്ഠനായ മനുഷ്യൻ

പ്രകൃതിയുടെയും പാരിസ്ഥിതിക സംവിധാനങ്ങളുടെയും നൈതികത കണ്ടറിഞ്ഞ് അതിനോടിണങ്ങിയും നീതിയും മിതത്വവും ജീവിതമൂല്യങ്ങളാക്കിയും മുന്നോട്ടുപോവുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. 'ശ്രേഷ്ഠനായ മനുഷ്യൻ നീതിയെന്തന്നറിയുന്നു' (കണ്‍ഫ്യൂച്സ്).

നീതിമാനായ മനുഷ്യൻ പ്രകൃതിയുടെ താളം ശ്രവിച്ച് അതിൽനിന്ന് പാഠങ്ങളുൾക്കൊണ്ട് അതിനോടിണങ്ങി ജീവിച്ചിരിക്കുന്നു. നിർമാണദൗത്യത്തിന്റെ വാഹകനെന്ന നിലയിൽ പ്രകൃതിയുടെ സമൃദ്ധിയെ വർധിപ്പിക്കുന്നതിനായി അവൻ തന്റെ അധ്വാനം ചെലവഴിച്ചു. തനിക്കും മറ്റുള്ളവർക്കും വേണ്ടി ചുറ്റുപാടുകളെ പുഷ്ടിപ്പെടുത്തി.

ഈ അധ്വാനമാണ് കൃഷിയിലേക്കും ചുറ്റുപാടുകൾക്കിണങ്ങുന്ന ചെറുവ്യവസായങ്ങളിലേക്കും വികസിച്ചത്. മനുഷ്യന്റെ അധ്വാനമെന്ന നിലയിൽ കൃഷിക്ക് വമ്പിച്ച ചരിത്രപ്രാധാന്യമുണ്ട്. തുടക്കത്തിലുദ്ധരിച്ച നബിവചനത്തിലെ മാതൃകായോഗ്യനായ മനുഷ്യൻ ഭൂമി തനിക്ക് തന്ന വിളവിന്റെ മൂന്നിലൊന്ന് ഭൂമിക്ക് തിരിച്ചുകൊടുക്കുന്നത് കൃഷിയുടെയും അതുവഴി പ്രകൃതിയുടെയും പോഷണത്തിനു വേണ്ടിയാണ്.

ജൈവ-അജൈവ പരിസ്ഥിതി ഘടകങ്ങളുടെ പരസ്പരാശ്രിതത്വത്തെയും ബന്ധത്തെയും പറ്റി വേദപാഠങ്ങൾ ധാരാളം കാണാം. പ്രകൃതിയുടെ സമ്പൂർണവും സമ്പന്നവുമായ ഇഛ കണ്ടറിഞ്ഞ് അതിന്റെ കാവലാളായി വർത്തിക്കലാണ് യഥാർഥ കർഷകന്റെ വിവേകം. യഥാർഥ കർഷകൻ യഥാർഥ മനുഷ്യനാണ്. കൃഷി ഭൗതികാസക്തിയുടെയും വാണിജ്യവാദത്തിന്റെയുമൊക്കെ വരുതിയിൽ വരുന്നതുവരെ എല്ലാ നല്ല മനുഷ്യരും നല്ല കർഷകരായിരുന്നു. കൃഷി സംസ്കാരമായിരുന്നു. അഥവാ കൃഷിയാണ് സംസ്കാരത്തെയും നാഗരികതയെയും പുഷ്ടിപ്പെടുത്തിയത്.

## അധമനായ മനുഷ്യനും നീതിയുടെ തകർച്ചയും

ആത്മീയതയുടെയും ധാർമികമായ പാരസ്പര്യത്തിന്റെയും താൽപര്യങ്ങൾ മറന്ന് മനുഷ്യൻ ജഡികേഛകളുടെ തടവുകാരനായതോടെ നൈതികത തകരാനും പ്രകൃതിവിഭവങ്ങളുടെ വിതരണത്തിന്റെ സന്തുലിതത്വം നഷ്ടപ്പെടാനും തുടങ്ങി. 'മനുഷ്യകരങ്ങളുടെ ചെയ്തികൾ നിമിത്തം കരയിലും കടലിലും നാശം പ്രകടമായി' (ഖുർആൻ).

ഭൂമിയുടെ ഉൽപാദനശേഷിയുടെ വർധനവിനു പകരം ഉൽപന്നങ്ങളുടെ വർധനവ് ലക്ഷ്യമായിക്കണ്ട മനുഷ്യൻ കാട് വെട്ടിത്തെളിച്ച് കൃഷിയിറക്കാൻ തുടങ്ങി. അങ്ങനെ കൃഷി കാടിന് വിരുദ്ധമായിത്തീർന്നു. നിർമാണച്ചുമതല (ഇസ്തിഅ്മാർ)യെന്ന ദൈവിക ദൗത്യത്തെ പൈശാചിക വികസനമാക്കി മാറ്റിമറിച്ചതോടെ പ്രകൃതിയുടെ സന്തുലനം അവതാളത്തിലായി. ഭൂമിയിലെ ദൈവികപ്രാതിനിധ്യ നിർവഹണത്തിനുള്ള ഉപായമായ അറിവ് ആപത്കരമായ സാങ്കേതികവിദ്യകളാക്കി മനുഷ്യൻ മാറ്റി. അങ്ങനെ 'പ്രകൃതിയോടിണങ്ങി ജീവിച്ചിരുന്ന മനുഷ്യൻ വിദ്യ നേടി പലതും കണ്ടുപിടിച്ചതോടെ സ്വാർഥനായി വഴിതെറ്റി' (ലൗ ദ്സു).

പാടങ്ങൾക്കു ചുറ്റുമുള്ള ചെറുകാടുകൾ കൊച്ചു പക്ഷികളുടെ ആവാസ കേന്ദ്രങ്ങളാണ്. ഈ പക്ഷികളാണ് പാടങ്ങളിൽ കീടങ്ങൾ പെരുകുന്നത് നിയന്ത്രിക്കുന്നത്. ഈ പ്രക്രിയ പരിസ്ഥിതി സന്തുലനത്തിന്റെ ഉദാഹരണമാകുന്നു. പ്രകൃതിയുടെയും നീതിയുടെയും വികസനത്തിനു പകരം സമ്പത്തിന്റെ വളർച്ചയെ മാത്രം വികസനമായി പരിഗണിച്ചുതുടങ്ങിയതോടെ ചെറു കാടുകൾ നശിച്ച് മനുഷ്യൻ പാടവിസ്തൃതി വർധിപ്പിച്ചു. കിളികളുടെ ആവാസവ്യവസ്ഥ നശിച്ചതോടെ പാടങ്ങളിൽ കീടങ്ങൾ പെരുകി. അങ്ങനെ വിഷം തളിച്ച് കീടങ്ങളെ നശിപ്പിക്കുകയും (നശിപ്പിക്കലല്ല, നിയന്ത്രിക്കലാണ് പ്രകൃതിയുടെ രീതി) വിഷമയമായ ആഹാരപദാർഥങ്ങൾ വിറ്റ് ലാഭമുണ്ടാക്കുകയും ചെയ്തു. ഇപ്പോൾ പച്ചക്കറി കൃഷിക്കാരൻ വിഷം തളിച്ച പച്ചക്കറികൾ കമ്പോളത്തിൽ വിറ്റ് പകരം മീൻ വാങ്ങി വരികയും മീൻ കച്ചവടക്കാരൻ ചീഞ്ഞുപോകാതിരിക്കാൻ രാസപദാർഥങ്ങൾ ചേർത്ത പച്ചമീനും കീടനാശിനി തളിച്ച ഉണക്കമീനും വിറ്റഴിച്ച് പച്ചക്കറി വാങ്ങി വരികയും അങ്ങനെ എല്ലാവരും എല്ലാവരെയും വഞ്ചിക്കുകയും ചെയ്തിരിക്കുന്നു. ജീവിതത്തിലെ സകല പ്രവർത്തനങ്ങളുടെയും ലക്ഷ്യം കൂടുതൽ ലാഭം എന്നതായിത്തീർന്നു. 'അധമനായ മനുഷ്യൻ നീതിയല്ല, ലാഭമെന്തെന്നാണറിയുന്നത്' (കണ്‍ഫ്യൂച്സ്).

കൂടുതൽ ലാഭത്തിനു വേണ്ടിയുള്ള മത്സരങ്ങളുണ്ടായതോടെ മനുഷ്യർക്കിടയിൽ നീതിരഹിതമായ പോരാട്ടമുടലെടുത്തു. കാട് നശിപ്പിച്ചും മലകൾ നിരപ്പാക്കിയും പരിസ്ഥിതിയെ തകർക്കുകയും പോരാട്ടത്തിൽ തോറ്റ മനുഷ്യരെ അടിമകളാക്കുകയും ചെയ്തുകൊണ്ട് ലാഭക്കൊതിയനും അധമനുമായ മനുഷ്യൻ പ്രകൃതിയോടും മറ്റു മനുഷ്യരോടും അങ്ങനെ ദൈവത്തോടുമുള്ള ബന്ധം മുറിച്ചുകളഞ്ഞു.

അമിത ലാഭേഛ നിമിത്തം മനുഷ്യൻ പ്രകൃതിയുടെ പരസ്പര ബന്ധത്തിന്റെ കണ്ണികൾ മുറിച്ച് സന്തുലനം തകർക്കുകയാണ്. ഈ സന്തുലനം മനുഷ്യജീവിതത്തിൽ പ്രത്യക്ഷവും പരോക്ഷവുമായ ഒട്ടേറെ നേട്ടങ്ങൾക്ക് കാരണമാണ്. പെറുവിലെ ദേശീയ വരുമാനത്തിന്റെ നല്ലൊരു പങ്ക് നേടിക്കൊടുത്ത ഒന്നായിരുന്നു വളക്കൂറുള്ള ഗുവാനോ നിക്ഷേപം. കടലിലെ പ്ലവങ്ങൾ ഭക്ഷിക്കുന്ന അൻകോവി മത്സ്യങ്ങളെ ധാരാളമായി ഭക്ഷിക്കുന്ന കോർമൊറാന്റ്, ബൂബി, പെലിക്കൻ തുടങ്ങിയ ഗുവാനോ പക്ഷികളുടെ കാഷ്ഠമായിരുന്നു ഇതിന് വളക്കൂറ് നൽകിയത്. എന്നാൽ കൂടുതൽ ലാഭത്തിനുവേണ്ടി യന്ത്രവത്കൃത മത്സ്യബന്ധനത്തിലൂടെ മനുഷ്യൻ അൻകോവി മീനുകളുടെ വളർച്ചയുടെ സന്തുലനത്തെ തകർത്തതോടെ ഗുവാനോ പക്ഷികളുടെ കാഷ്ഠത്തിന്റെ വളമേന്മയും അതുവഴി ഗുവാനോ നിക്ഷേപത്തിന്റെ മൂല്യവും നഷ്ടപ്പെട്ടു. ഇത് പെറുവിന്റെ ദേശീയ വരുമാനത്തെത്തന്നെ ബാധിച്ചു. കാര്യങ്ങൾ പരിശോധിച്ച് മനസ്സിലാക്കിയ സർക്കാർ യന്ത്രവത്കൃത മത്സ്യബന്ധനം കർശനമായി നിരോധിച്ചതോടെയാണ് ഈ പ്രതിസന്ധിക്ക് അയവുവന്നത്. പാരിസ്ഥിതിക സന്തുലനം ഇത്രമേൽ മനുഷ്യന്റെ ജീവിതത്തെ

ബാധിക്കുന്ന ഒന്നാകുന്നു.

ഒരു കാലത്ത് കൊളോണിയൽ ശക്തികൾ നടപ്പാക്കിയ പ്ലാന്റേഷൻ കൃഷിരീതികൾ ഒരുതരം പാരിസ്ഥിതിക സാമ്രാജ്യത്വത്തെയാണ് (Ecological Imperialism) സൃഷ്ടിച്ചത്. വാണിജ്യമത്സരം കാരണം വാണിജ്യസാധ്യതയുള്ള നാണ്യവിളകൾ വ്യാപകമായി കൃഷി ചെയ്യപ്പെട്ടതോടെ സ്വാഭാവികമായി വളരുന്ന ജൈവസമ്പത്ത് കുറയുന്നു. മൺസൂൺ മഴയെ ആശ്രയിക്കുന്ന ഉഷ്ണമേഖലാ പ്രദേശങ്ങളിൽ പ്രത്യേകിച്ചും. കൂടുതൽ ധാതുക്കളും വെള്ളവും വേണ്ടിവരുന്ന, പാറപ്രദേശങ്ങളിലും മറ്റുമായി വളർത്തുന്ന സസ്യങ്ങൾ ഉഷ്ണമേഖലാ പ്രദേശത്ത് പറിച്ചുനട്ടതോടെ അവിടത്തെ മേൽമണ്ണിന്റെ സന്തുലിതാവസ്ഥ മാറിമറിഞ്ഞു.



**നീതിക്കും നിലനിൽപിനുമുള്ള സമരം പരിസ്ഥിതിയുടെ സന്തുലനം നിലനിർത്തുന്നതിനുവേണ്ടിയുള്ള സമരം കൂടിയാണ്. നിർമലവും സംശുദ്ധവുമായ ജീവിതത്തിലേക്കും അതിലൂടെ സമ്പന്നവും സന്തുലിതവുമായ പ്രകൃതിയിലേക്കും മടങ്ങാനും സംസ്കരണവും നിർമാണവുമായി ബന്ധപ്പെട്ട് ദൈവപ്രതിനിധികൾ എന്ന നിലക്കുള്ള മാനുഷിക ഉത്തരവാദിത്വം നിറവേറ്റാനും നമുക്ക് കഴിയേണ്ടതുണ്ട്.**

നാടൻ വിളകളും വിത്തുകളും കടത്തിക്കൊണ്ടുപോയി സാമ്രാജ്യത്വം കൃഷിക്കും വിളകൾക്കും മേലുള്ള അധിനിവേശത്തിന് തുടക്കം കുറിച്ചു. നമ്മുടെ വിത്തുകളും കൃഷിരീതികളും പഴഞ്ചനാണെന്ന ധാരണയുണ്ടാക്കി. നമ്മുടെതന്നെ വിത്തുകളുടെ സങ്കരങ്ങളുണ്ടാക്കി നമ്മുടെ മണ്ണിൽ വിറ്റഴിച്ചു. നമുക്ക് നഷ്ടപ്പെട്ട മുപ്പതിനായിരത്തിൽപരം ഇനങ്ങൾ വരുന്ന നാടൻ നെൽവിത്തുകൾ ഇന്നും പടിഞ്ഞാറിന്റെ ജീൻ ബാങ്കിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഹരിത വിപ്ലവവും ശാസ്ത്രീയ കൃഷിയും അവതരിച്ചതോടെ മണ്ണിന്റെയും പ്രകൃതിയുടെയും തനിമയും ശേഷിയും നഷ്ടപ്പെടാൻ തുടങ്ങി. ഉന്നത ജൈവ സാങ്കേതികവിദ്യ ഉപയോഗിച്ച് ജി.എം വിത്തുകളും അന്തക വിത്തുകളും ഉൽപാദിപ്പിക്കപ്പെട്ടതോടെ കൃഷി ഒരുതരം ഭീകരപ്രവർത്തനം തന്നെയായി. വിത്തുകുത്തകകൾ സാങ്കേതിക വിദ്യയിലൂടെയും ഗാട്ട് നിയമങ്ങളിലൂടെയും കർഷകന്റെ ജീവിതം തകർത്തു. ലോകരാജ്യങ്ങളിലെ കർഷകരുടെ സുരക്ഷാ നിയമങ്ങളും സബ്സിഡികളുമെല്ലാം നീക്കം ചെയ്യണമെന്ന വ്യവസ്ഥയോടെ കടം കൊടുത്ത് മുതലാളിത്ത ഏജൻസികൾ രാജ്യങ്ങളെയും ഗവൺമെന്റുകളെയും കെണിയിലാക്കിയതോടെ കാർഷികരംഗം പ്രതിസന്ധിയിലായി.

### നമ്മുടെ ദൗത്യം

കൃത്രിമത്വങ്ങളുടേതായ ഒരു ലോകം ഇപ്പോൾ സ്വാഭാവികലോകത്തെ നിരന്തരം മാറ്റിക്കൊണ്ടിരിക്കുകയാണ്. മനുഷ്യരിൽ വ്യത്യസ്ത ആവാസവ്യവസ്ഥയുമായി പെരുത്തപ്പെട്ടു ജീവിക്കുന്നവരും മറ്റു ഉപജീവന വൃത്തിയിലേർപ്പെടുന്നവരുമെല്ലാം തന്നെ വമ്പിച്ച പ്രകൃതി വിഭവ ദാരിദ്ര്യം അനുഭവിക്കുന്നു. സ്വാഭാവികമായ ലോകം പിൻവലിയുമ്പോൾ ആളുകളെ താങ്ങിനിർത്താനുള്ള കഴിവ് പ്രകൃതിവ്യവസ്ഥക്ക് നഷ്ടപ്പെടുന്നു. വ്യത്യസ്ത ജനസമൂഹങ്ങളുടെ നിലനിൽപിനെത്തന്നെ അത് സാരമായി ബാധിക്കുന്നു.

നീതിക്കും നിലനിൽപിനുമുള്ള സമരം പരിസ്ഥിതിയുടെ സന്തുലനം നിലനിർത്തുന്നതിനുവേണ്ടിയുള്ള സമരം കൂടിയാണ്. നിർമലവും സംശുദ്ധവുമായ ജീവിതത്തിലേക്കും അതിലൂടെ സമ്പന്നവും സന്തുലിതവുമായ പ്രകൃതിയിലേക്കും മടങ്ങാനും സംസ്കരണവും നിർമാണവുമായി ബന്ധപ്പെട്ട് ദൈവ പ്രതിനിധികൾ എന്ന നിലക്കുള്ള മാനുഷിക ഉത്തരവാദിത്വം നിറവേറ്റാനും നമുക്ക് കഴിയേണ്ടതുണ്ട്. പ്രകൃതി വിഭവങ്ങൾ നമ്മുടെ പൂർവികന്മാർ നമ്മുടെ മക്കൾക്ക് വേണ്ടി നമുക്ക് തന്നിട്ടുള്ള കടമാണ്. ഭാവിതലമുറയോടാണ് നാം കടം വീട്ടേണ്ടത്.

നമ്മുടെ കൃഷി കാടിനെതിരോ വ്യവസായങ്ങൾ പ്രകൃതിയെ തകർക്കുന്നതോ ആവരുത്. നാം ജീവിതാവശ്യങ്ങൾക്ക് മത്സരിക്കുകയും സഹോദരങ്ങളെ അടിച്ചമർത്തി അതിജയിക്കുകയും ചെയ്യേണ്ടവരല്ല. നീതിയുടെ സാക്ഷികളാവാൻ ആവശ്യപ്പെട്ടിട്ടുള്ള അല്ലാഹുവിന്റെ ഖിലാഫത്ത് ഏൽപിക്കപ്പെട്ടവർ എന്ന നിലക്ക് ബോധമുള്ള മനുഷ്യൻ പരിസ്ഥിതിയുടെ സന്തുലനത്തെ വീണ്ടെടുക്കാൻ യത്നിക്കണം. അതിലൂടെ ആരോഗ്യമുള്ള ജനത രൂപപ്പെടും. ആരോഗ്യമുള്ള ജനതയാണ് നാടിന്റെ സമ്പത്തും സംസ്കാരവും. ■